**04–12–2024 പ്രഭാത മുരളി ഓം ശാന്തി ബാപ്ദാദ മധുബൻ**

**മധുരമായ കുട്ടികളേ – എല്ലാറ്റിന്റേയും ആധാരം ഓർമ്മയാണ്, ഓർമ്മയിലൂടെ തന്നെയാണ് നിങ്ങൾ മധുരമായി മാറുന്നത്, ഈ ഓർമ്മയിൽ തന്നെയാണ് മായയുടെ യുദ്ധം നടക്കുന്നത്.**

**ചോദ്യം:–** ഈ ഡ്രാമയിലെ ഏതൊരു കാര്യമാണ് വളരെ ചിന്തനീയമായിട്ടുള്ളത്, അത് നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ?

**ഉത്തരം:–** നിങ്ങൾക്ക് അറിയാം ഡ്രാമയിൽ ഒരു പാർട്ട് രണ്ടു തവണ അഭിനയിക്കാൻ സാധിക്കില്ല. മുഴുവൻ ലോകത്തിലുമായി എന്തെല്ലാം പാർട്ട് നടക്കുന്നുണ്ടോ അത് ഒന്ന് മറ്റൊന്നിൽ നിന്നും പുതിയതാണ്. നിങ്ങൾ ചിന്തിക്കുന്നുണ്ട് സത്യയുഗം മുതൽ ഇതുവരെ എങ്ങനെ ദിവസങ്ങൾ മാറുന്നു. മുഴുവൻ കർമ്മങ്ങളും മാറുന്നു. ആത്മാവിൽ 5000 വർഷത്തേയ്ക്കുള്ള കർമ്മങ്ങൾ മുഴുവൻ രേഖപ്പെടുത്തി വെച്ചിരിക്കുന്നു, അത് ഒരിയ്ക്കലും മാറില്ല. ഈ ചെറിയ കാര്യം നിങ്ങൾ കുട്ടികളുടെയല്ലാതെ മറ്റാരുടെയും ബുദ്ധിയിൽ വരില്ല.

**ഓം ശാന്തി.** ആത്മീയ അച്ഛൻ ആത്മീയ കുട്ടികളോട് ചോദിക്കുകയാണ്– മധുര മധുരമായ മക്കളേ, നിങ്ങൾ നിങ്ങളുടെ ഭാവിയിലെ പുരുഷോത്തമമായ മുഖം, പുരുഷോത്തമ ശരീരം കാണുന്നുണ്ടോ? ഇത് പുരുഷോത്തമ സംഗമയുഗമല്ലേ. നിങ്ങൾക്ക് അനുഭവമാകുന്നുണ്ട് നമ്മൾ വീണ്ടും പുതിയ ലോകമായ സത്യയുഗത്തിൽ ബ്രഹ്മാബാബയുടെ വംശാവലിയിലേയ്ക്ക് പോകും, അതിനെയാണ് സുഖധാമം എന്നു പറയുന്നത്. അവിടേയ്ക്ക് പോകുന്നതിനായാണ് നിങ്ങൾ ഇപ്പോൾ പുരുഷോത്തമരായി മാറുന്നത്. ഇരിക്കുമ്പോൾ ഈ ചിന്ത ഉണ്ടാവണം. വിദ്യാർത്ഥികൾ പഠിക്കുമ്പോൾ അവരുടെ ബുദ്ധിയിൽ ഞാൻ നാളെ ഇന്നതായി മാറും എന്നത് തീർച്ചയായും ഉണ്ടാകും. അതുപോലെ നിങ്ങൾക്കും ഇവിടെ ഇരിക്കുമ്പോൾ അറിയാം നമ്മൾ വിഷ്ണു വംശത്തിലേയ്ക്ക് പോകുമെന്ന്. നിങ്ങളുടെ ബുദ്ധി ഇപ്പോൾ അലൗകികമാണ്. ബാക്കി ഒരു മനുഷ്യന്റേയും ബുദ്ധിയിൽ ഈ കാര്യങ്ങൾ ഉണ്ടാകില്ല. ഇത് ഒരു സാധാരണ സത്സംഗമല്ല. ഇവിടെ ഇരിക്കുന്നുണ്ട്, ശിവനെന്നു വിളിക്കുന്ന സത്യമായ ബാബയുടെ സത്സംഗത്തിലാണ് നമ്മൾ ഇരിക്കുന്നത് എന്ന് മനസ്സിലാക്കുന്നുണ്ട്. ശിവബാബ തന്നെയാണ് രചയിതാവ്, ബാബയ്ക്കു മാത്രമേ ഈ രചനയുടെ ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ച് അറിയൂ. ബാബ തന്നെയാണ് ഈ ജ്ഞാനം നൽകുന്നത്. നാളത്തെ കാര്യം കേൾപ്പിക്കുന്നുണ്ടല്ലോ. ഇവിടെ ഇരിക്കുകയാണ്, ഇത് ഓർമ്മയുണ്ടാകുമല്ലോ– നമ്മൾ വന്നിരിക്കുന്നത് പുനരുദ്ധാരണത്തിനായാണ് അർത്ഥം ഈ ശരീരം മാറ്റി ദൈവീക ശരീരം നേടാൻ. ആത്മാവ് പറയുന്നു ഇത് എന്റെ തമോപ്രധാനമായ പഴയ ശരീരമാണ്. ഇതിനെ മാറ്റി ഇങ്ങനെയുള്ള ശരീരം നേടണം. എത്ര സഹജമായ ലക്ഷ്യമാണ്. പഠിപ്പിക്കുന്ന ടീച്ചർ എന്തായാലും പഠിക്കുന്ന കുട്ടികളേക്കാൾ സമർത്ഥനായിരിക്കുമല്ലോ. പഠിപ്പിക്കുന്നു, നല്ല കർമ്മങ്ങളും പഠിപ്പിക്കുന്നുണ്ട്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മെ ഉയർന്നതിലും ഉയർന്ന ഭഗവാൻ പഠിപ്പിക്കുകയാണ് അതിനാൽ തീർച്ചയായും ദേവീ ദേവതയാക്കി മാറ്റും. ഈ പഠിപ്പുതന്നെ പുതിയ ലോകത്തിനുവേണ്ടിയാണ്. ബാക്കി ആർക്കും പുതിയ ലോകത്തെക്കുറിച്ച് അല്പംപോലും അറിവില്ല. ഈ ലക്ഷ്മീ നാരായണന്മാർ പുതിയ ലോകത്തിന്റെ അധികാരികളായിരുന്നു. ദേവീ ദേവതകളും നമ്പർവൈസ് ആയിരിക്കുമല്ലോ! എല്ലാവരും ഒരുപോലെയാവുക എന്നത് സാധ്യമല്ല എന്തെന്നാൽ രാജധാനിയല്ലേ. ഈ ചിന്ത നിങ്ങളിൽ നടന്നുകൊണ്ടിരിക്കണം. നമ്മൾ ആത്മാക്കൾ പതിതത്തിൽ നിന്നും പാവനമായി മാറുന്നതിനായി ഇപ്പോൾ പാവനമായ ബാബയെ ഓർമ്മിക്കുകയാണ്. ആത്മാവ് തന്റെ മധുരമായ അച്ഛനെയാണ് ഓർമ്മിക്കുന്നത്. ബാബ സ്വയം പറയുന്നു നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാവനവും സതോപ്രധാനവുമായി മാറും. എല്ലാത്തിന്റേയും ആധാരം ഓർമ്മയുടെ യാത്രയാണ്. ബാബ തീർച്ചയായും ചോദിക്കും – കുട്ടികളേ, എന്നെ എത്ര സമയം ഓർമ്മിക്കുന്നുണ്ട്? ഓർമ്മയുടെ യാത്രയിലാണ് മായയുടെ യുദ്ധം നടക്കുന്നത്. യുദ്ധം എന്താണെന്നതും നിങ്ങൾക്ക് അറിയാം. ഇത് യാത്രയല്ല എന്നാൽ യുദ്ധസമാനമാണ്, ഇതിലാണ് വളരെ ശ്രദ്ധയോടെ ഇരിക്കേണ്ടത്. ജ്ഞാനത്തിൽ മായയുടെ കൊടുങ്കാറ്റിന്റെ കാര്യമില്ല. കുട്ടികൾ പറയുന്നുമുണ്ട് ബാബാ ഞങ്ങൾ അങ്ങയെ ഓർമ്മിക്കുന്നു, എന്നാൽ മായയുടെ ഒരു കൊടുങ്കാറ്റ് താഴെ വീഴ്ത്തിക്കളയുന്നു. നമ്പർ വൺ കൊടുങ്കാറ്റ് ദേഹാഭിമാനമാണ്. പിന്നീടാണ് കാമം, ക്രോധം, ലോഭം, മോഹം എന്നിവ. കുട്ടികൾ പറയുന്നു ബാബാ ഞങ്ങൾ വളരെ അധികം പരിശ്രമിക്കുന്നുണ്ട് ഓർമ്മിക്കുന്നതിനായി, ഒരു വിഘ്നവും വരാതിരിക്കാൻ പക്ഷേ എന്നിട്ടും കൊടുങ്കാറ്റ് വരുന്നു. ഇന്ന് ക്രോധത്തിന്റെയാണെങ്കിൽ ചിലപ്പോൾ ലോഭത്തിന്റെ കൊടുങ്കാറ്റായിരിക്കും വരുന്നത്. ബാബാ ഇന്ന് ഞങ്ങളുടെ അവസ്ഥ വളരെ നല്ലതായിരുന്നു, മുഴുവൻ ദിവസത്തിലും ഒരു കൊടുങ്കാറ്റും വന്നില്ല. വളരെ സന്തോഷമുണ്ടായിരുന്നു. ബാബയെ വളരെ സ്നേഹത്തോടെ

ഓർമ്മിച്ചു. സ്നേഹത്തിന്റെ കണ്ണുനീർ പൊഴിച്ചുകൊണ്ടിരുന്നു. ബാബയുടെ ഓർമ്മയിലൂടെ വളരെ മധുരമായി മാറും.

ഇതും അറിയാവുന്നതാണ് നമ്മൾ മായയോട് തോറ്റ് തോറ്റ് എവിടെ വന്ന് എത്തി. ഇത് ആരെങ്കിലും മനസ്സിലാക്കുന്നുണ്ടോ. മനുഷ്യരാണെങ്കിൽ ലക്ഷക്കണക്കിന് വർഷം എന്നോ പരമ്പരയെന്നോ പറയുന്നു. നിങ്ങൾ പറയും നമ്മൾ വീണ്ടും ഇപ്പോൾ മനുഷ്യനിൽ നിന്നും ദേവതയായി മാറുകയാണ്. ഈ ജ്ഞാനം ബാബ തന്നെയാണ് വന്ന് നൽകുന്നത്. വിചിത്രനായ ബാബയാണ് വിചിത്രമായ ജ്ഞാനം നൽകുന്നത്. വിചിത്രൻ എന്ന് നിരാകാരനെയാണ് പറയുന്നത്. നിരാകാരൻ എങ്ങനെ ഈ ജ്ഞാനം നൽകും. ബാബ സ്വയം മനസ്സിലാക്കിത്തരുന്നു ഞാൻ എങ്ങനെയാണ് ഈ ശരീരത്തിൽ വരുന്നതെന്ന്. എന്നിട്ടും മനുഷ്യർ സംശയിക്കുന്നു. എന്താ ഈ ഒരു ശരീരത്തിൽ മാത്രമേ വരികയുള്ളോ! എന്നാൽ ഡ്രാമയിൽ ഈ ശരീരമാണ് നിമിത്തമായിരിക്കുന്നത്. അല്പം പോലും മാറ്റം വരില്ല. ഈ കാര്യങ്ങൾ നിങ്ങളാണ് മനസ്സിലാക്കി മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നത്. ആത്മാവുതന്നെയാണ് പഠിക്കുന്നത്. ആത്മാവുതന്നെയാണ് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. ആത്മാവ് വളരെ വിലപ്പെട്ടതാണ്. ആത്മാവ് അവിനാശിയാണ്, കേവലം ശരീരം മാത്രമാണ് നശിക്കുന്നത്. നമ്മൾ ആത്മാക്കൾ നമ്മുടെ പരമപിതാ പരമാത്മാവിൽ നിന്നും രചയിതാവിന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ 84 ജന്മങ്ങളുടെ ജ്ഞാനം എടുത്തു കൊണ്ടിരിക്കുകയാണ്. ജ്ഞാനം ആരാണ് എടുക്കുന്നത്? നമ്മൾ ആത്മാക്കൾ. നിങ്ങൾ ആത്മാക്കൾ തന്നെയാണ് ജ്ഞാനസാഗരനായ ബാബയിൽ നിന്നും മൂലവതനം, സൂക്ഷ്മവതനത്തെക്കുറിച്ച് അറിഞ്ഞത്. നമ്മൾ ആത്മാക്കളാണെന്ന് മനസ്സിലാക്കണം എന്ന കാര്യം മനുഷ്യർക്ക് അറിയുകയില്ല. മനുഷ്യർ സ്വയം ശരീരമാണ് എന്ന് കരുതി തലകീഴായി നടക്കുകയാണ്. പാട്ടുണ്ട് ആത്മാവ് സത്-ചിത് -ആനന്ദസ്വരൂപമാണെന്ന്. എറ്റവും കൂടുതൽ മഹിമയുള്ളത് പരമാത്മാവിനാണ്. ഒരു ബാബയ്ക്ക് എത്രയധികം മഹിമയാണ്. ബാബ തന്നെയാണ് ദുഃഖ ഹർത്താവും, സുഖ കർത്താവും. ദുഃഖ ഹർത്താവും സുഖ കർത്താവും ജ്ഞാന സാഗരവുമാണെന്ന് കൊതുകിനും മറ്റും മഹിമ പാടില്ല. ഇത് ബാബയുടെ മഹിമയാണ്. നിങ്ങൾ കുട്ടികളും മാസ്റ്റർ ദുഃഖ ഹർത്താവും സുഖ കർത്താവുമാണ്. നിങ്ങൾ കുട്ടികൾക്കും ഈ ജ്ഞാനമുണ്ടായിരുന്നില്ല, ശൈശവ ബുദ്ധിയായിരുന്നു. കുട്ടികളിൽ ജ്ഞാനം ഉണ്ടാകില്ല അതുപോലെ ഒരു അവഗുണവും ഉണ്ടാകില്ല, അതിനാലാണ് കുഞ്ഞുങ്ങളെ മഹാത്മാവ് എന്ന് പറയുന്നത് എന്തുകൊണ്ടെന്നാൽ പവിത്രമാണ്. എത്ര ചെറിയ കുട്ടിയാണോ അത്രയും നമ്പർവണ്ണായ പുഷ്പമാണ്. കർമ്മാതീത അവസ്ഥയിലുള്ളതുപോലെയാണ്. കർമ്മം- അകർമ്മം- വികർമ്മം എന്നിവയെക്കുറിച്ച് ഒന്നും അറിയില്ല അതിനാൽ അവർ പുഷ്പമാണ്. എല്ലാവരേയും ആകർഷിക്കുന്നു. എങ്ങനെയാണോ ഒരു ബാബ എല്ലാവരേയും ആകർഷിക്കുന്നത് അതുപോലെ. ബാബ വന്നിരിക്കുന്നതുതന്നെ എല്ലാവരേയും ആകർഷിച്ച് സുഗന്ധമുള്ള പുഷ്പമാക്കി മാറ്റാനാണ്. ചിലരാണെങ്കിൽ മുള്ളിലും മുള്ളായിത്തന്നെ ഇരിക്കും. 5 വികാരങ്ങൾക്ക് വശപ്പെട്ടവരെ മുള്ളെന്ന് പറയും. നമ്പർവൺ മുള്ള് ദേഹാഭിമാനത്തിന്റേതാണ്, ഇതിലൂടെ മറ്റ് മുള്ളുകൾ ജനിക്കുന്നു. മുള്ളുകളുടെ കാട് വളരെ അധികം ദുഃഖം നൽകുന്നതാണ്. വ്യത്യസ്ത തരത്തിലുള്ള മുള്ളുകൾ കാട്ടിലുണ്ടാകുമല്ലോ അതിനാൽ ഇതിനെ ദുഃഖധാമം എന്ന് വിളിക്കുന്നു. പുതിയ ലോകത്തിൽ മുള്ളുകൾ ഉണ്ടാകില്ല അതിനാൽ അതിനെ സുഖധാമം എന്നു പറയുന്നു. ശിവബാബ പൂക്കളുടെ പൂന്തോട്ടം നിർമ്മിക്കുകയാണ്, രാവണൻ മുള്ളുകളുടെ കാടുണ്ടാക്കുന്നു അതിനാലാണ് രാവണനെ മുള്ളുകൾ കൊണ്ടുള്ള രൂപമുണ്ടാക്കി കത്തിക്കുന്നത് എന്നാൽ ബാബയ്ക്ക് പുഷ്പങ്ങൾ അർപ്പിക്കുന്നു. ഈ കാര്യങ്ങൾ ബാബയ്ക്ക് അറിയാം കുട്ടികൾക്കും അറിയാം ബാക്കി ആർക്കും അറിയില്ല.

നിങ്ങൾ കുട്ടികൾക്ക് അറിയാം- ഡ്രാമയിലെ ഒരു പാർട്ട് രണ്ട് തവണ അഭിനയിക്കാൻ സാധിക്കില്ല. ബുദ്ധിയിലുണ്ട് ലോകത്തിൽ എന്തെല്ലാം പാർട്ടുകൾ നടക്കുന്നുണ്ടോ അതെല്ലാം ഒന്ന് അടുത്തതിൽ നിന്നും പുതിയതാണ്. നിങ്ങൾ ചിന്തിക്കൂ സത്യയുഗം മുതൽ ഇതുവരേയ്ക്കും എങ്ങനെ ദിവസങ്ങൾ മാറുന്നു. മുഴുവൻ കർമ്മങ്ങളും മാറുന്നു. 5000 വർഷങ്ങളിലെ പ്രവർത്തികളുടെ റെക്കോർഡ് ആത്മാവിൽ നിറഞ്ഞിരിക്കുകയാണ്. അത് ഒരിയ്ക്കലും മാറുകയില്ല. ഓരോ ആത്മാവിലും തന്റേതായ പാർട്ട് അടങ്ങിയിട്ടുണ്ട്. ഈ ചെറിയ കാര്യം പോലും ആരുടേയും ബുദ്ധിയിൽ വരുന്നില്ല. ഈ ഡ്രാമയുടെ ഭൂതം, ഭാവി, വർത്തമാനത്തെക്കുറിച്ച് നിങ്ങൾക്ക് അറിയാം. ഇത് സ്ക്കൂളല്ലേ. പവിത്രമായി മാറി ബാബയെ ഓർമ്മിക്കുന്നതിനുള്ള പഠിപ്പ് ബാബ പഠിപ്പിക്കുന്നു. ബാബ വന്ന് പതിതത്തിൽ നിന്നും പാവനമായി മാറുന്നതിനുള്ള പഠിപ്പ് പഠിപ്പിക്കും എന്ന് മുമ്പ് ചിന്തിച്ചിട്ടുണ്ടോ! ഈ പഠിപ്പിലൂടെ തന്നെയാണ് നമ്മൾ വിശ്വത്തിന്റെ അധികാരികളാവുന്നത്! ഭക്തിമാർഗ്ഗത്തിലെ പുസ്തകങ്ങൾ തന്നെ വേറെയാണ്, അതിനെ ഒരിയ്ക്കലും പഠിപ്പ് എന്ന് പറയില്ല. ജ്ഞാനമില്ലാതെ സദ്ഗതി എങ്ങനെയുണ്ടാകും? ജ്ഞാനത്തിലൂടെ സദ്ഗതി ഉണ്ടാകാൻ ബാബയില്ലാതെ ജ്ഞാനം എവിടെ നിന്ന് ഉണ്ടാവാനാണ്. നിങ്ങൾ സദ്ഗതിയിലായിരിക്കുന്ന സമയത്ത്

ഭക്തി ചെയ്യുമോ? ഇല്ല, അവിടെ അപാരസുഖമാണ്, പിന്നെ എന്തിന് ഭക്തി ചെയ്യണം? ഈ ജ്ഞാനം ഇപ്പോഴാണ് നിങ്ങൾക്ക് ലഭിക്കുന്നത്. മുഴുവൻ ജ്ഞാനവും ആത്മാവിലാണുള്ളത്. ആത്മാവിന് ഒരു ധർമ്മവും ഉണ്ടാകില്ല. ആത്മാവ് എപ്പോഴാണോ ശരീരം ധാരണ ചെയ്യുന്നത് അപ്പോഴാണ് പറയുന്നത് ഇന്നയാൾ ഇന്ന ധർമ്മത്തിലേതാണെന്ന്. ആത്മാവിന്റെ ധർമ്മം എന്താണ്? ഒന്നാമത് ആത്മാവ് ബിന്ദുരൂപമാണ് ഒപ്പം ശാന്തസ്വരൂപമാണ്, ശാന്തിധാമത്തിലാണ് വസിക്കുന്നത്.

ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു എല്ലാ കുട്ടികൾക്കും പിതാവിനുമേൽ അവകാശമുണ്ട്. വളരെ അധികം കുട്ടികൾ വേറെ-വേറെ ധർമ്മങ്ങളിലേയ്ക്ക് മാറിപ്പോയിട്ടുണ്ട്. അവർ വീണ്ടും തന്റെ യഥാർത്ഥ ധർമ്മത്തിലേയ്ക്ക് തിരിച്ചുവരും. ആരാണോ ദേവീ ദേവതാ ധർമ്മം വിട്ട് മറ്റു ധർമ്മങ്ങളിലേയ്ക്ക് പോയത് ആ എല്ലാ ഇലകളും തിരിച്ച് തന്റെ സ്ഥാനത്തേയ്ക്കുതന്നെ വരും. നിങ്ങൾക്ക് ഏറ്റവുമാദ്യം ബാബയുടെ പരിചയം നൽകണം. ഈ കാര്യങ്ങളിലാണ് എല്ലാവർക്കും ആശയക്കുഴപ്പങ്ങൾ ഉണ്ടാകുന്നത്. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ഇപ്പോൾ നമ്മെ ആരാണ് പഠിപ്പിക്കുന്നത്? പരിധിയില്ലാത്ത പിതാവ്. കൃഷ്ണൻ ദേഹധാരിയാണ്, ബ്രഹ്മാബാബയേയും ജ്യേഷ്ഠൻ എന്നാണ് വിളിക്കുന്നത്. നിങ്ങൾ എല്ലാവരും സഹോദരങ്ങളല്ലേ. പിന്നീടുള്ളത് പദവിയുടെ ആധാരത്തിലാണ്. സഹോദരന്റെ ശരീരം എങ്ങനെയാണ്, സഹോദരിയുടെ ശരീരം എങ്ങനെയാണ്. ആത്മാവ് ഒരു ചെറിയ നക്ഷത്രമാണ്. ഇത്രയുമധികം ജ്ഞാനം ഒരു ചെറിയ നക്ഷത്രത്തിലാണ്. നക്ഷത്രത്തിന് ശരീരമില്ലാതെ സംസാരിക്കാനും സാധിക്കില്ല. നക്ഷത്രത്തിന് പാർട്ട് അഭിനയിക്കാനായി ഇത്രയും അധികം കർമ്മേന്ദ്രിയങ്ങൾ ലഭിച്ചിട്ടുണ്ട്. നിങ്ങൾ നക്ഷത്രങ്ങളുടെ ലോകം തന്നെ വേറെയാണ്. ആത്മാവ് ഇവിടെ വന്ന് പിന്നീട് ശരീരം ധരിക്കുന്നു. ശരീരം ചെറുതിൽ നിന്നും വലുതാകും. ആത്മാവുതന്നെയാണ് തന്റെ ബാബയെ ഓർമ്മിക്കുന്നത്. അതും ശരീരത്തിലുള്ളതു വരെ. വീട്ടിൽ ആത്മാവ് ബാബയെ ഓർമ്മിക്കുമോ? ഇല്ല. അവിടെ നമ്മൾ എവിടെയാണ് എന്നൊന്നും അറിയില്ല! ആത്മാവും പരമാത്മാവും എപ്പോഴാണോ ശരീരത്തിലുള്ളത് അപ്പോഴാണ് ആത്മാക്കളും പരമാത്മാവും തമ്മിലുള്ള മിലനം നടക്കുന്നത്. ഗീതവുണ്ട് ആത്മാവും പരമാത്മാവും ഒരുപാടുകാലം വേർപെട്ടിരുന്നു... എത്ര സമയം വേർപെട്ടിരുന്നു? ഓർമ്മ വരുന്നു- എത്ര സമയം വേർപെട്ടിരുന്നു? സെക്കന്റുകൾ ഓരോന്നായി കടന്നുപോയി 5000 വർഷം കഴിഞ്ഞുപോയി. വീണ്ടും ആദ്യ നമ്പറിൽ നിന്നും ആരംഭിക്കണം, കൃത്യമായ കണക്കാണ്. ഇപ്പോൾ നിങ്ങളോട് ആരെങ്കിലും ചോദിക്കുകയാണ് ഇവർ എപ്പോഴാണ് ജന്മം എടുത്തത്? അപ്പോൾ നിങ്ങൾക്ക് കൃത്യമായി പറയാൻ സാധിക്കും. ശ്രീകൃഷ്ണനാണ് ആദ്യനമ്പറിൽ ജന്മം എടുത്തത്. ശിവബാബയ്ക്കായി ഒരു മിനിറ്റോ സെക്കന്റോ പറയാൻ സാധിക്കില്ല. കൃഷ്ണനാണെങ്കിൽ തിയതി, ദിവസം, മിനിറ്റ്, സെക്കന്റ് എല്ലാം പറയാൻ സാധിക്കും. മനുഷ്യരുടെ ഘടികാരത്തിൽ വ്യത്യാസം ഉണ്ടാകും. ശിവബാബയുടെ അവതരണത്തിൽ ഒരു വ്യത്യാസവും ഉണ്ടാകില്ല. അറിയാനെ സാധിക്കില്ല എപ്പോഴാണ് വന്നത്? സാക്ഷാത്ക്കാരം ഉണ്ടായി അപ്പോഴാണ് വന്നത്, അങ്ങനെയുമല്ല. ഊഹിക്കാനേ സാധിക്കൂ. മിനിറ്റും, സെക്കന്റും കണക്കാക്കി പറയാൻ സാധിക്കില്ല. ബാബയുടെ അവതരണവും അലൗകികമാണ്. ബാബ വരുന്നതും പരിധിയില്ലാത്ത രാത്രിയുടെ സമയത്താണ്. ബാക്കി ആരെല്ലാമാണോ അവതരിക്കുന്നത്, അത് അറിയാൻ സാധിക്കും. ആത്മാവ് ശരീരത്തിൽ പ്രവേശിക്കുന്നു. ചെറിയ വസ്ത്രം ധരിക്കുന്നു പിന്നീട് പതുക്കെ പതുക്കെ വലുതാകുന്നു. ശരീരത്തോടൊപ്പം ആത്മാവ് പുറത്തേയ്ക്ക് വരുന്നു. ഈ കാര്യങ്ങളെല്ലാം വിചാര സാഗര മഥനം ചെയ്ത് പിന്നീട് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. എത്രയധികം മനുഷ്യരാണ്, ഒരാൾ മറ്റൊരാളെപ്പോലെയല്ല. എത്ര വലിയ സ്റ്റേജാണ്. വലിയ ഹാളുപോലെയാണ്, ഇതിൽ പരിധിയില്ലാത്ത നാടകം നടക്കുകയാണ്.

നിങ്ങൾ കുട്ടികൾ ഇവിടേയ്ക്കുവന്നിരിക്കുന്നത് നരനിൽ നിന്നും നാരായണനായി മാറാനാണ്. ബാബ രചിക്കുന്ന പുതിയ സൃഷ്ടിയിൽ ഉയർന്ന പദവി നേടാൻ. ബാക്കി ഈ പഴയ ലോകം വിനാശമാകാനുള്ളതാണ്. ബാബയിലൂടെ പുതിയ ലോകത്തിന്റെ സ്ഥാപനയുണ്ടാവുകയാണ്. ബാബയ്ക്ക് പിന്നീട് പാലനയും ചെയ്യണം. തീർച്ചയായും എപ്പോഴാണോ ഈ ശരീരം ഉപേക്ഷിക്കുന്നത് അപ്പോഴേ സത്യയുഗത്തിൽ പുതിയ ശരീരം എടുത്ത് പാലന ചെയ്യാൻ സാധിക്കൂ. അതിനുമുമ്പായി ഈ പഴയ ലോകത്തിന്റെ വിനാശവും ഉണ്ടാകണം. വൈക്കോൽക്കൂനയ്ക്ക് തീ പിടിക്കണം. അവസാനം ഈ ഭാരതം മാത്രമേ ഉണ്ടാകൂ ബാക്കിയെല്ലാം നശിക്കും. ഭാരതത്തിലും കുറച്ചുപേർ ശേഷിക്കും. വിനാശത്തിനുശേഷം ശിക്ഷകൾ അനുഭവിക്കരുത് ഇതിനായാണ് നിങ്ങൾ ഇപ്പോൾ പരിശ്രമിക്കുന്നത്. അഥവാ വികർമ്മം വിനാശമായില്ലെങ്കിൽ ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും പിന്നെ പദവിയും ലഭിക്കില്ല. നിങ്ങളോട് എപ്പോഴെങ്കിലും ആരെങ്കിലും ചോദിക്കുകയാണ് നിങ്ങൾ ആരുടെ അടുത്തേയ്ക്കാണ് പോകുന്നത്? അപ്പോൾ പറയൂ, ശിവബാബയുടെ അടുത്തേയ്ക്ക്, ബാബ ബ്രഹ്മാശരീരത്തിൽ വന്നിട്ടുണ്ട്. ഈ ബ്രഹ്മാവ് ശിവനല്ല. എത്രത്തോളം ബാബയെ അറിയുന്നുവോ അത്രത്തോളം ബാബയോട് സ്നേഹവും ഉണ്ടാകും. ബാബ പറയുന്നു കുട്ടി

കളേ നിങ്ങൾ മറ്റാരെയും സ്നേഹിക്കരുത്, മറ്റുള്ളവരുമായുള്ള സ്നേഹത്തെ ഉപേക്ഷിച്ച് ഒരാളുമായി സ്നേഹം വെയ്ക്കൂ. എങ്ങനെയാണോ പ്രിയതമനും പ്രിയതമയും അതുപോലെ. ഇതും അതുപോലെയാണ്. 108 സത്യമായ പ്രിയതമകൾ ഉണ്ടാകും, അതിലും 8 സത്യത്തിലും സത്യമായിരിക്കും. 8-ന്റെയും മാലയുണ്ടല്ലോ. 9 രത്നങ്ങളെക്കുറിച്ച് പാടിയിട്ടുണ്ട്. 8 മണികളും 9-ാ മത് ബാബയും. മുഖ്യമായത് 8 ദേവതകളാണ്, പിന്നീട് 16108 രാജകുമാരന്മാരുടേയും രാജകുമാരിമാരുടേയും കുടുംബമുണ്ടാകും ത്രേതയുടെ അവസാനം വരെ. ബാബ കൈവെള്ളയിൽ സ്വർഗ്ഗം കാണിക്കുകയാണ്. നിങ്ങൾ കുട്ടികൾക്ക് നമ്മൾ സൃഷ്ടിയുടെ അധികാരികളാവുകയാണ് എന്ന ലഹരിയുണ്ട്. ബാബയുമായി ഇങ്ങനെയുള്ള കച്ചവടം ചെയ്യണം. എന്നാൽ പറയുകയാണ് വിരളം ചില വ്യാപാരികളേ ഈ വ്യാപാരം ചെയ്യുന്നുള്ളു. ഇങ്ങനെയൊരു വ്യാപാരി വേറെയുണ്ടോ. അതിനാൽ നമ്മൾ ബാബയുടെ അടുത്തേയ്ക്ക് പോവുകയാണ് എന്ന ലഹരിയിൽ ഇരിക്കണം. മുകളിലുള്ള ബാബയെ ലോകത്തിലുള്ളവർക്ക് അറിയില്ല, അവർ പറയും ഭഗവാൻ അവസാനമാണ് വരുന്നത്. ഇപ്പോൾ അതേ കലിയുഗത്തിന്റെ അന്ത്യമാണ്. അതേ ഗീത, മഹാഭാരതത്തിന്റെ സമയമാണ്, അതേ യാദവർ മിസൈലുകൾ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. അതേ കൗരവരുടെ രാജ്യമാണ് മാത്രമല്ല നിങ്ങൾ പാണ്ഡവരും നിൽക്കുന്നുണ്ട്.

നിങ്ങൾ കുട്ടികൾ വീട്ടിലിരുന്ന് തങ്ങളുടെ സമ്പാദ്യം ഉണ്ടാക്കുകയാണ്. വീട്ടിലിരിക്കെത്തന്നെ ഭഗവാൻ വന്നിരിക്കുകയാണ് അതിനാലാണ് ബാബ പറയുന്നത് തന്റെ സമ്പാദ്യം ഉണ്ടാക്കൂ. ഈ വജ്രസമാനമായ ജന്മം അമൂല്യമാണ് എന്നാണ് പാടപ്പെട്ടിരിക്കുന്നത്. ഇപ്പോൾ ഇതിനെ കക്കയ്ക്കുവേണ്ടി നഷ്ടപ്പെടുത്തരുത്. ഇപ്പോൾ നിങ്ങൾ ഈ മുഴുവൻ ലോകത്തേയും രാമരാജ്യമാക്കി മാറ്റുന്നു. നിങ്ങൾക്ക് ശിവനിൽ നിന്നും ശക്തി ലഭിക്കുകയാണ്. ബാക്കി ഇന്നുകാലങ്ങളിൽ പലരുടേയും അകാലമൃത്യു സംഭവിക്കുന്നുണ്ട്. ബാബ ബുദ്ധിയുടെ പൂട്ട് തുറക്കുന്നു മായ ബുദ്ധിയുടെ പൂട്ട് അടയ്ക്കുന്നു. ഇപ്പോൾ നിങ്ങൾ മാതാക്കൾക്കുതന്നെയാണ് ജ്ഞാനകലശം ലഭിച്ചിരിക്കുന്നത്. അബലകൾക്ക് ബലം നൽകുന്നത് ബാബയാണ്. ഇത് ജ്ഞാനാമൃതമാണ്. ശാസ്ത്രങ്ങളിലെ ജ്ഞാനത്തെ അമൃതം എന്ന് പറയില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഒരു ബാബയുടെ ആകർഷണത്തിൽ കഴിഞ്ഞ് സുഗന്ധമുള്ള പുഷ്പമായി മാറണം. തന്റെ മധുരമായ ബാബയെ ഓർമ്മിച്ച് ദേഹാഭിമാനത്തിന്റെ മുള്ളുകളെ കത്തിക്കണം.

2) ഈ വജ്രസമാനമായ ജന്മത്തിൽ അവിനാശിയായ സമ്പാദ്യം ശേഖരിക്കണം, കക്കകൾക്കുവേണ്ടി ഇതിനെ നഷ്ടപ്പെടുത്തരുത്. ഒരു ബാബയെ സത്യമായി സ്നേഹിക്കണം, ഒന്നിന്റെ സംഗത്തിൽ ഇരിക്കണം.

## വരദാനം:- ബ്രാഹ്മണജീവിതത്തിൽ സദാ സന്തോഷത്തിന്റെ ടോണിക്ക് കഴിക്കുകയും സന്തോഷം വിതരണവും ചെയ്യുന്ന ഭാഗ്യശാലികളായി ഭവിക്കട്ടെ.

ഈ ലോകത്തിൽ താങ്കൾ ബ്രാഹ്മണരെപ്പോലെ ഭാഗ്യശാലികളായി മറ്റാരും തന്നെ ഉണ്ടാവുക സാധ്യമല്ല എന്തുകൊണ്ടെന്നാൽ ഈ ജീവിതത്തിൽ തന്നെയാണ് താങ്കളെല്ലാവർക്കും ബാബയുടെ ഹൃദയസിംഹാസനം ലഭിക്കുന്നത്. സദാ സന്തോഷത്തിന്റെ ടോണിക്ക് കഴിക്കുന്നു, സന്തോഷം വിതരണവും ചെയ്യുന്നു. ഈ സമയത്ത് ചിന്തയില്ലാത്ത ചക്രവർത്തിമാരാണ്. ഇങ്ങനെയുള്ള നിശ്ചിന്ത ജീവിതം മുഴുവൻ കല്പത്തിലും മറ്റൊരു യുഗത്തിലും ഇല്ല. സത്യയുഗത്തിൽ നിശ്ചിന്തരായിരിക്കും പക്ഷെ അവിടെ ജ്ഞാനമുണ്ടാകില്ല, ഇപ്പോൾ താങ്കൾക്ക് ജ്ഞാനമുണ്ട്, അതുകൊണ്ട് ഹൃദയത്തിൽ നിന്നും വരുന്നു എന്നെപ്പോലെ ഭാഗ്യശാലികൾ മറ്റാരും തന്നെയില്ല.

## സ്ലോഗൻ:- സംഗമയുഗത്തിലെ സ്വരാജ്യഅധികാരികൾ തന്നെയാണ് ഭാവിയിലെ വിശ്വരാജ്യ അധികാരികളാകുന്നത്.